**പതിമൂന്നാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 211 11.06.2012 -ൽ മറുപടിയ്ക്ക്**

**<u>ചന്ദ്രശേഖരന്റെ വധം - അന്വേഷണത്തിലെ ഇടപെടൽ</u>**

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| ശ്രീ എ. കെ. ബാലൻ :<br>ശ്രീ എളമരം കരീം :<br>ശ്രീ പി. ശ്രീരാമകൃഷ്ണൻ :<br>ശ്രീ കെ.കുഞ്ഞമ്മത് മാസ്റ്റർ : | ശ്രീ തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| എ) ചന്ദ്രശേഖരന്റെ വധവുമായി ബന്ധപ്പെട്ട് മേയ് 5-ാം തീയതി അന്വേഷണ ഉദ്യോഗസ്ഥരുമായി കോഴിക്കോട് ഗവൺമെന്റ് ഗസ്റ്റ് ഹൗസിലെ മുറിയിൽ ആഭ്യന്തരമന്ത്രിനടത്തിയ ചർച്ചയിൽ, കെ.പി.സി.സി പ്രസിഡന്റ് രമേശ് ചെന്നിത്തല പങ്കെടുത്തിരുന്നുവോ; എങ്കിൽ യോഗത്തിൽ അദ്ദേഹവുമായി എന്തെല്ലാം കാര്യങ്ങൾ ചർച്ച ചെയ്യുകയുണ്ടായി എന്ന് വെളിപ്പെടുത്താമോ ; പ്രസ്തുത ചർച്ചയിൽ അന്വേഷണ സംഘത്തിലെ ഏതെല്ലാം ഓഫീസർമാർ പങ്കെടുക്കുകയുണ്ടായി എന്ന് വ്യക്തമാക്കാമോ ; | എ) ഇപ്രകാരം ഒരു ചർച്ച നടത്തിയിട്ടില്ല. |
| ബി) ശ്രീ രമേശ് ചെന്നിത്തല യോഗത്തിൽ ഉന്നയിച്ച ആവശ്യങ്ങൾ വെളിപ്പെടുത്താമോ ; | ബി) ചോദ്യം ഉദിക്കുന്നില്ല. |
| സി) കേന്ദ്ര ആഭ്യന്തര സഹമന്ത്രി ശ്രീ മുല്ലപ്പള്ളി രാമചന്ദ്രൻ ടി. പി. വധക്കേസിൽ ഇടപെടുന്നതും അന്വേഷണത്തിൽ ഇനി പിടികിട്ടേണ്ടവരെക്കുറിച്ച് സൂചിപ്പിക്കുന്നതും കേസ് പുരോഗതിയെക്കുറിച്ച് പത്ര സമ്മേളനം നടത്തുന്നതും സംസ്ഥാന സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | സി) പ്രത്യേക അന്വേഷണ സംഘം സ്വതന്ത്രമായി നടത്തുന്ന അന്വേഷണത്തിൽ ഇടപെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ഡി) കേന്ദ്ര ആഭ്യന്തര സഹമന്ത്രിയുടെ ഈ നടപടി ഭരണഘടനാപരമായ അവകാശങ്ങളുടെ ലംഘനമാണോയെന്ന് വ്യക്തമാക്കാമോ? | ഡി) ഉദിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ